15 -ാം കേരള നിയമസഭ

3 -ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 145 | 08-10-2021 - ൽ മറുപടിയ്ക്ക്

## നീര പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേരകർഷകർക്ക് കൂടുതൽ വരുമാനം കിട്ടാനായി നടപ്പിലാക്കിയ നീര പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | കേരളത്തിന്റെ പ്രധാന കാർഷിക വിളകളിലൊന്നായ തെങ്ങിൽ നിന്നുള്ള ഉൽപ്പന്നമായ നീരയ്ക്ക സംസ്ഥാനത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലുൾപ്പടെ കൈവന്നിട്ടുള്ള സ്വീകാര്യതയും വിപണനസാധ്യതയും കണക്കിലെടുത്തു നീരയുടെ ഉല്പാദനവും വിപണനവും വർധിപ്പിക്കുന്നതിനും ആയതിനു ഒരു അന്താരാഷ്ട്ര നിലവാരം വരുത്തുന്നതിനും സർക്കാർ ഉത്തരവ് നം.6/2018/അഗ്രി തീയതി 18.07.2018 പ്രകാരം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവായിരുന്നു. കേരളത്തിൽ നാളികേരത്തിന്റെ മൂല്യവർദ്ധനവും നീര ഉല്പാദനവുമായി ബന്ധപെട്ടു 29 നാളികേര ഉത്പാദക കമ്പനികൾ കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡ് (CDB)ന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽ കമ്പനികൾക്ക് നാളികേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തിന് പുറമേ സംസ്ഥാന കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായവും 2015-16, 2016-17 വർഷങ്ങളിൽ നൽകിയിരുന്നു. ഇതിൽ 10 കമ്പനികൾക്ക് 350.73 ലക്ഷം രൂപ നാളികേര വികസന ബോർഡും 4 കമ്പനികൾക്ക് 194 ലക്ഷം രൂപ സംസ്ഥാന കൃഷി വകുപ്പും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി ഏത് രീതിയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | നാളികേര പ്രൊഡ്യൂസർ കമ്പനികൾക്ക് നീര പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കെട്ടിട - യന്ത്ര സാമഗ്രികൾക്ക് ചിലവാക്കുന്ന തുകയുടെ 25% (പരമാവധി 50 ലക്ഷം രൂപ) വരെ നൽകുന്നതിനുള്ള പദ്ധതിക്കായി 2017-18 ൽ 200 ലക്ഷം രൂപ അനുവദിച്ചിരുന്നു. വായ്പ അധിഷ്ഠിത പദ്ധതികൾക്ക് ബാക്ക് എൻഡ് സബ്സിഡി നൽകുന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പദ്ധതി ചിലവിന്റെ 25 ശതമാനത്തിൽ താഴെയായിരിക്കണം |

| | | | |
|---|---|---|---|
| | | | കെട്ടിട നിർമ്മാണ ചെലവ്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏജൻസികൾക്ക്, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം സാക്ഷ്യപ്പെടുത്തിയ പദ്ധതികൾ കൃഷി ഡയറക്ടർക്ക് സമർപ്പിക്കുന്നതിനും നാളികേര വികസന ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാളികേര ഉല്പാദന സൊസൈറ്റികൾ/ഫെഡറേഷൻ എന്നിവയ്ക്ക് നാളികേര വികസന ബോർഡ് സാക്ഷ്യപ്പെടുത്തിയ പദ്ധതികൾ കൃഷി ഡയറക്ടർക്ക് സമർപ്പിക്കുവാനുമാണ് വിഭാവനം ചെയ്തിരുന്നത്. കൂടാതെ, നീര ടെക്നീഷ്യന്മാരുടെ പരിശീലനവുമായി ബന്ധപെട്ട ഏകീകൃത കരിക്കുലം നാളികേര വികസന ബോർഡ് തയ്യാറാക്കിയിട്ടുണ്ടായിരുന്നു. ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉത്പാദക സൊസൈറ്റികൾ/ഫെഡറേഷൻ എന്നിവയുടെ പരിശീലനം നാളികേര വികസന ബോർഡ് നടത്തി വിലയിരുത്തുന്നതിനും കൃഷി വകുപ്പിന് കീഴിലുള്ള ഏജൻസികളുടെ പരിശീലനം കേരള കാർഷിക സർവകലാശാല നടത്തി വിലയിരുത്തുന്നതിനും നീര ടെക്നീഷ്യന്മാർക്ക് പരിശീലനത്തിനായി ഒരാൾക്ക് 10,000 രൂപ വീതം സബ്സിഡി അനുവദിക്കുന്നതിനുമായിരുന്നു ലക്ഷ്യമിട്ടിരുന്നത്. |
| (സി) | വേണ്ടത്ര പഠനങ്ങളില്ലാതെ ഉല്പാദനം തുടങ്ങിയതാണോ പദ്ധതി പരാജയപ്പെടാൻ കാരണമെന്നും പ്രസ്തുത പദ്ധതി പുനരുജ്ജീവിപ്പിക്കാൻ എന്തെല്ലാം പാക്കേജുകളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?? | (സി) | വേണ്ടത്ര പഠനം ഇല്ലാതിരുന്നതും നീരയും നീര അധിഷ്ഠിത ഉൽപ്പന്നങ്ങളും വിറ്റഴിക്കുന്നതിന് കേന്ദ്രീകൃതമായ സംവിധാനങ്ങൾ ഒരുക്കാൻ സാധിക്കാതിരുന്നതും പദ്ധതിയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. വേങ്ങേരിയിലും കുത്താളിയിലും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോപാർക്കുകളിലൂടെ നാളികേരവും നാളികേര അധിഷ്ഠിത ഉൽപന്നങ്ങളുടെ ഉത്പാദനവും വിപണനവും ഏകോപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ